# പ്രവചനമെന്ന ആത്മാവിൻറെ മുഖ്യ വരത്താലാണ് സഭ പണിയപ്പെടുന്നത്.

സാക് പുന്നൻ

WFTW 09 ജൂൺ 2012

ദൈവം നമ്മുടെ മദ്ധ്യേയുള്ളപ്പോൾ അവിടുന്ന് ശക്തിയോടെ സംസാരിക്കുന്നത് നമ്മുടെ കൂടിവരവുകളിൽ നാം കേൾക്കും അതാണ് പ്രവചനത്തിന്റെ അർത്ഥം.

പഴയ നിയമ കാലത്ത് പ്രവചനമെന്നാൽ ഭാവിയെ കുറിച്ച് മുൻകൂട്ടി അറിയിച്ച് ജനത്തെ ശരിയായ വഴിയിൽ നടത്തുക എന്നതായിരുന്നു. എന്നാൽ ഇപ്പോൾ പുതിയ നിയമ കാലത്ത് പ്രവചനമെന്നാൽ പ്രബോധിപ്പിക്കുകയും (ആളുകളെ വെല്ലുവിളിക്കുകയും, ശാസിക്കുകയും, തിരുത്തുകയും ചെയ്യുക) ആശ്വസിപ്പിക്കുകയും (സമാധാനിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും) ആത്മീയ വർദ്ധന വരുത്തുകയും (സഭ പണിയുകയും) ചെയ്യുക എന്നതാണ്.

പ്രവചനമെന്ന ആത്മാവിൻറെ പ്രധാന വരത്താലാണ് സഭ പണിയപ്പെടുന്നത്. പ്രവചന വാക്യം 'ഉള്ളിൽ പ്രകാശിക്കുന്ന വിളക്ക് ' പോലെയാണ് (2. പത്രോ.1:19). ഈ വിളക്ക് സഭയിൽ നിരന്തരം കത്തി ജ്വലിച്ചുകൊണ്ടിരുന്നില്ലെങ്കിൽ ഇരുട്ടിൻറെ അധികാരിയായ പിശാചിന്റെ തന്ത്രങ്ങളിൽ നിന്ന് രക്ഷപെടുവാൻ സാധിക്കുകയില്ല. സഭ തന്നെ പൂർണ്ണമായി ഇരുട്ടിൽ മുങ്ങിപ്പോകും. നല്ല രീതിയിൽ തുടങ്ങിയ പല ക്രിസ്തീയ വിഭാഗങ്ങളും കാലപ്പഴക്കത്തിൽ അധഃപ്പതിക്കുവാനുള്ള കാരണം അവരുടെ ഇടയിൽനിന്ന് പ്രവചന വരം കുറഞ്ഞ് ഇല്ലാതായി എന്നതാണ്.

പഴയ നിയമ കാലത്ത് ദൈവ സാന്നിധ്യം യിസ്രായേലിനെ വിട്ടു മാറുമ്പോൾ എല്ലാം അത് തിരിച്ചറിയുന്നതിനുള്ള അടയാളം, 'ഒരു പ്രവാചകനും ശേഷിച്ചിട്ടില്ല' എന്നതായിരുന്നു (സങ്കീർത്തനം.74:19) എലിയുടെ കാലത്തെപ്പോലെ ഒരു പ്രവാചകൻ ഇല്ലാതിരുന്ന സമയത്തെല്ലാം യിസ്രായേൽ അധഃപതിച്ചിട്ടുണ്ട് (1 ശമുവേൽ 3:1). ശമുവേലിന്റെ കാലത്തെന്നപോലെ ഒരു പ്രവാചകൻ അവർക്കുണ്ടായിരുന്നപ്പോൾ അവർ ഔന്നത്യത്തിലേക്ക് വന്നു ( 1.ശമു. 3:20). ശമുവേലിലൂടെയാണ് ദാവീദ് യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടത്. അത് യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും മഹത്തായ ഒരു കാലഘട്ടത്തിൻറെ തുടക്കമായിരുന്നു.തുടക്കമായിരുന്നു. ശമുവേൽ പ്രവചിച്ചപ്പോൾ 'അദ്ദേഹത്തിൻറെ വാക്കുകളൊന്നും വ്യർത്ഥമാകുവാൻ യഹോവ ഇടവരുത്തിയില്ല.' (1 ശമുവേൽ 3:19).

സഭയിലും ഇതുപോലെ ശക്തമായ പ്രവചനത്തിന്റെ ശുശ്രൂഷ ഉണ്ടാകുവാനും, സഭയിൽ സംസാരിക്കുന്ന ഓരോ വാക്കും ആളുകളുടെ ഹൃദയത്തിലേക്ക് ഒരു അസ്ത്രം പോലെ തുളച്ചുകയറുന്നതിനും വേണ്ടി നാം ആത്മാർത്ഥമായി പ്രാർത്ഥിക്കണം. പ്രവചനമെന്ന ആത്മാവിൻറെ വരത്താൽ ഹൃദയത്തിലെ രഹസ്യങ്ങളും വെളിപ്പെടും (1.കോരി.14:25). അങ്ങനെ സഭയിലുള്ള ഓരോരുത്തർക്കും പാപത്തിൻറെ ചതിയെകുറിച്ചു വെളിച്ചം ലഭിക്കുന്നു.

നമ്മോട് ദൈവം കല്പ്പിച്ചിരിക്കുന്നത് 'പാപത്തിൻറെ വഞ്ചനയാൽ നിങ്ങളിൽ ആരും കഠിനപ്പെട്ടു പോകാതിരിപ്പാൻ 'ഇന്ന് ' എന്ന് പറയുന്നിടത്തോളം ദിനംതോറും പരസ്പരം (സഭയിൽ) പ്രബോധിപ്പിച്ചു കൊള്ളുവിൻ' (എബ്രായർ. 3.13) എന്നാണ്. പ്രകടമായ ചില പാപങ്ങളുണ്ട്, അതുപോലെ പ്രകടമല്ലാത്തതായ ചില പാപങ്ങളുമുണ്ട്. എന്നാൽ പ്രവചനത്തിന്റെ ആത്മാവ് എല്ലാ പാപത്തിൻറെ ചതിയെയും പിശാചിന്റെ തന്ത്രങ്ങളെയും ഒരുപോലെ തുറന്നുകാട്ടും. അങ്ങനെ നാം സംരക്ഷിക്കപ്പെടും.

പഴയനിയമത്തിൽ നാം ഇതിൻറെ ഒരുദാഹരണം കാണുന്നുണ്ട്. ആരാം രാജാവ് യിസ്രായേലിനെതിരെ യുദ്ധത്തിനു പുറപ്പെടുന്ന ഓരോ സന്ദർഭത്തിലും അവനും അവന്റെ സേനാനായകരും ചേർന്ന് ഇടുന്ന പദ്ധതികൾ എലീശ തൻറെ പ്രവചനത്തിലൂടെ യിസ്രായേൽ രാജാവിനെ അറിയിച്ചു പോന്നു (2 രാജാ.6:812). അങ്ങനെ യിസ്രായേൽ രാജാവിന് തൻറെ സൈന്യത്തെ എങ്ങനെ വിന്യസിപ്പിക്കണമെന്ന് മനസ്സിലാവുകയും തൻറെ രാജ്യത്തെ വീണ്ടും വീണ്ടും രക്ഷിക്കുകയും ചെയ്തു.

അങ്ങനെ തന്നെ ദൈവം ഇന്നും സഭായോഗങ്ങളിലെ പ്രവചന ശുശ്രൂഷയിലൂടെ വരും ദിവസ്സങ്ങളിലുണ്ടാകുവാൻ പോകുന്ന സാത്താൻറെ ആക്രമണങ്ങൾ ഇതു മേഖലകളിലായിരിക്കും എന്ന് മുൻകൂട്ടി അറിയിക്കുന്നു. അങ്ങനെ നമുക്ക് മുൻകൂട്ടി ആ മേഖലകൾ സംരക്ഷിക്കുവാൻ സാധിക്കുന്നു.

സാത്താനെതിരെ പോരാടുന്നതിന് പ്രവചനങ്ങൾ ശ്രദ്ധിക്കണമെന്ന് നതിമോത്തിയോസിനെ പൗലോസ് ഉത്സാഹിപ്പിക്കുന്നു (1 തിമോ.1:18).

സഭാ യോഗത്തിലുള്ള  പ്രവചനത്തിന്റെ ആത്മാവ് പല സഹോദരീസഹോദരന്മാരെയും അവർ നേരിടാൻ പോകുന്ന പ്രതിയോഗിയുടെ ആക്രമണം എങ്ങനെ ആയിരിക്കുമെന്നതിനെ സംബന്ധിച്ച് മുന്നറിയിപ്പ് നല്കുന്നത് ബാംഗ്ളൂരിലെ സഭയിൽ ഞങ്ങൾ ആവർത്തിച്ചാവർത്തിച്ച് കണ്ടിട്ടുണ്ട്. ദൈവം നമുക്കോരോരുത്തർക്കും ജ്ഞാനം നല്കിയിട്ടുണ്ട്. വ്യക്തിജീവിതത്തിനുള്ള ജ്ഞാനം, കുടുംബജീവിതത്തിനു വേണ്ട ജ്ഞാനം, സഭാ ജീവിതത്തിനു വേണ്ട ജ്ഞാനം. സദൃശ്യ വാക്യങ്ങൾ 24: 3,4 വാക്യങ്ങളിൽ പറയുന്നു, 'ജ്ഞാനത്താൽ വീട് പണിയപ്പെടുന്നു, പരിജ്ഞാനത്താൽ അതിൻറെ മുറികൾ അമൂല്യവും മനോഹരവുമായ സകല സമ്പത്തും കൊണ്ട് നിറയുന്നു'. പരിജ്ഞാനത്തിനു സഭയിൽ ഒരു സ്ഥാനമുണ്ട്. അഭിഷേകമുള്ള ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കുന്ന ദൈവവചനമാണത്. എന്നാൽ പരിജ്ഞാനം ജ്ഞാനത്താൽ പണിയപ്പെട്ട ഒരു വീട്ടിൽ ഇടുന്ന വീട്ടുപകരണങ്ങൾ ആണ്.

അതുകൊണ്ട് സഭയിൽ നമുക്ക് വേദ പുസ്തക പരിജ്ഞാനം മാത്രമേയുള്ളുവെങ്കിൽ അത് തുറസ്സായ ഒരു സ്ഥലത്ത് വിലകൂടിയ വീട്ടുപകരണങ്ങൾ ഇട്ടിരിക്കുന്നതുപോലെയാണ്. അവിടെ ഒരു വീടിൻറെ മേൽക്കൂരയൊ, ഭിത്തികളോ, തറയോ, ഒന്നും ഇല്ല. അതുകൊണ്ടാണ് ആദ്യം ജ്ഞാനം അന്വേഷിക്കുവാൻ പുതിയ നിയമം നമ്മോട് ആവശ്യപ്പെടുന്നത്. 'ഒരാൾക്ക് ജ്ഞാനം കുറവാണെങ്കിൽ എല്ലാവർക്കും ഔദാര്യത്തോടെ നല്കുന്നവനായ ദൈവത്തോട് ചോദിക്കണം' (യാക്കോബ്. 1:5). ഞാനത്തിലൂടെയാണ്  സഭ പണിയപ്പെടുന്നത്. ദൈവത്തിന്റെ ജ്ഞാനം പ്രവചനവരത്തിലൂടെയാണ്   സഭയിലേക്ക് വരുന്നത്. അതുകൊണ്ടാണ്  നാം എല്ലാ കൂടിവരവുകളിലും 'പ്രവചന വരത്തിനായി വാഞ്ചിക്കേണ്ടത് '(1 കോരി. 14:1,5). ദൈവവചന പഠനത്തിനും സുവിശേഷീകരണത്തിനുമുള്ള യോഗങ്ങൾ നല്ലതാണ്. എന്നാൽ ക്രിസ്തുവിൻറെ യഥാർത്ഥ സാക്ഷ്യമായി ഒരു സഭ പണിയപ്പെടണമെങ്കിൽ നാം പ്രവചന വരത്തിനു ഒന്നാം സ്ഥാനം കൊടുക്കണം.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)